**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2197** **06-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ പൊതു വിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതുതായി റേഷൻ കടകളോ മാവേലി സ്റ്റോറുകളോ മറ്റു സംവിധാനമോ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനമെന്തെങ്കിലും പരിഗണനയിൽ ഉണ്ടോ; | (എ) | ഉണ്ട്. അനന്തരാവകാശികൾ ഇല്ലാത്തതും, ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദു ചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസ് നിയമനം സംവരണതത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ ഉത്തരവാകുകയും ആയതിന്റെ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻകടകളുടെ നിലനിൽപ്പിനെ ബാധിക്കാത വിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വിധം മിനിമം റേഷൻകാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ സർക്കാർ ചുമതലയേറ്റെടുത്ത ശേഷം 15 റേഷൻകടകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.<br><br>മാവേലി സ്റ്റോറുകൾ ഇല്ലാതിരുന്ന എല്ലാ പഞ്ചായത്തുകളിലും 17/02/2021 തീയതിയോടെ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. എന്നിരുന്നാലും മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത പരിസ്ഥിതി ലോല പ്രദേശങ്ങളായ |

ഇടമലക്കുടി, വട്ടവട പഞ്ചായത്തുകൾ ഉൾപ്പെടുന്ന വനമേഖലയിൽ മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. കാര്യക്ഷമമായ വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികൾ നിലവിൽ നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കി (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകൾ ബ്രാൻറഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തി മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യത കൂടി മുൻ നിർത്തി അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ആജീവനാന്ത വാടക രഹിതമായി അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാ പഠനം നടത്തി ലാഭ നഷ്ട സാധ്യതകളും ജീവനക്കാരുടെ ലഭ്യതയും വിലയിരുത്തി പുതിയ വിൽപ്പനശാലകളും അനുവദിച്ചുവരുന്നു.

പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൈവിധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻ കടയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000/ രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്.മെന്റ് സംവിധാനം, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ

ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയും എന്നതിന പുറമേ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുതപദ്ധതിയിലൂടെ കഴിയുന്നു. RFP മുഖേന തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെയു ബാങ്കിന് റേഷൻ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റേയും സഹകരണത്തോടെയാണ ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കെ - സ്റ്റോർ പദ്ധതിയിലേക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട ആയിരിക്കണം.

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ മുന്നോട്ട് വരുന്ന റേഷൻ വ്യാപാരികളെയാണ് പരിഗണിക്കുന്നത്.

3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന നൽകും.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും

കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാന വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. |
| (ബി) | മുൻഗണനേതര വിഭാഗങ്ങളിൽ ഉള്ളവരെ കൂടുതലായി മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം 15480040 ആണ്. ആയതിനാൽ അർഹരായ മുഴുവൻ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. മാരകരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിതർ തുടങ്ങിയവർക്ക് മുൻഗണനാ റേഷൻകാർഡുകൾ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിനായി 27.10.2020 ലെ സ.ഉ.(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 17,505 എ.എ.വൈ കാർഡുകളും 2,33,386 പി.എച്ച്.എച്ച് കാർഡുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ